# കേരള സർവകലാശാല

നം.പി.ആർ.242/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

വിദൂര വിദ്യാഭ്യാസകേന്ദ്രം നടത്തുന്ന എം.എ/എം.എസ്.സി/എം.കോം പ്രീവിയസ് ആന്റ് ഫൈനൽ സപ്ലിമെന്ററി പരീക്ഷകൾ യഥാക്രമം 2018 നവംബർ 22, 2019 ജനുവരി 3 തീയതികളിൽ ആരംഭിക്കും. ടൈംടേബിൾ വെബ്സൈറ്റിൽ. പരീക്ഷാകേന്ദ്രങ്ങൾ പിന്നീട് അറിയിക്കും.

2018 നവംബർ/ഡിസംബറിൽ നടത്തുന്ന ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ (സപ്ലിമെന്ററി), ഏഴാം സെമസ്റ്റർ (റഗുലർ ആന്റ് സപ്ലിമെന്ററി), പരീക്ഷകൾക്ക് ഓൺലൈനായി പിഴ കൂടാതെ നവംബർ 12 വരെയും 50 രൂപ പിഴയോടെ നവംബർ 14 വരെയും 125 രൂപ പിഴയോടെ നവംബർ 16 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി. ബയോടെക്നോളജി (മൾട്ടിമേജർ) കെമിസ്ട്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നവംബർ 14, 16 തീയതികളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ.

2018 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി. ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (കോർ–ബയോകെമിസ്ട്രി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നവംബർ 8, 9 തീയതികളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ.

2018 ആഗസ്റ്റിൽ നടന്ന ആറാം സെമസ്റ്റർ ബി.ടെക്. സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ച് (2008 സ്കീം) സപ്ലിമെന്ററി പ്രാക്ടിക്കൽ പരീക്ഷ നവംബർ 12, 15 തീയതികളിൽ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നടത്തും. വിശദവിവരങ്ങൾക്ക് അതാത് കോളേജുകളുമായി ബന്ധപ്പെടുക.

2018 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി. ബോട്ടണി ആന്റ് ബയോടെക്നോളജിയുടെ കോംപ്ലിമെന്ററി ബയോകെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷ നവംബർ 13, 16, 17 തീയതികളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ.

കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് ഒന്നാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം നവംബർ 2018 ഡിഗ്രി പരീക്ഷകൾ (റെഗുലർ – 2018 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2017 അഡ്മിഷൻ, സപ്ലിമെന്ററി – 2013, 2014, 2015 & 2016 അഡ്മിഷൻ) നവംബർ 23 മുതൽ ആരംഭിക്കും.

## പരീക്ഷാഫലം

2018 ജനുവരിയിൽ നടത്തിയ ബി.എസ്.സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (2017 അഡ്മിഷൻ - റഗുലർ, 2016 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2013, 2014, 2015 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 21 വരെ ഓൺലൈനായി അപേക്ഷിക്കാം.

2018 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.പി.എ (വോക്കൽ/വീണ/വയലിൻ/മൃദംഗം/ഡാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 21 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ മാറ്റി

നവംബർ 8, 9 തീയതികളിൽ എം.എസ്.എം കോളേജ് കായംകുളം, കെ.എസ്.എം.ഡി.ബി കോളേജ് ശാസ്താംകോട്ട എന്നീ കോളേജുകളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ് സ്റ്റാറ്റിസ്റ്റിക്സ് കോർ പ്രാക്ടിക്കൽ പരീക്ഷ മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതികൾ പിന്നീട് അറിയിക്കും.

## പി.ടി.എ. മീറ്റിംഗ്

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ മൂന്നാം സെമസ്റ്റർ ബി.ടെക്. (2017 അഡ്മിഷൻ - എല്ലാ ബ്രാഞ്ചുകളും) പി.ടി.എ. മീറ്റിംഗ് നവംബർ 13 ന് രാവിലെ 10 മണിക്ക് കോളേജ് സെമിനാർ ഹാളിൽ നടത്തും. എല്ലാ രക്ഷാകർത്താക്കളും പങ്കെടുക്കണം.

## പരീക്ഷാകേന്ദ്രം

2018 നവംബർ 7 ന് ആരംഭിക്കുന്ന ബി.കോം. ആന്വൽ സ്കീം പാർട്ട് III സപ്ലിമെന്ററി പരീക്ഷയ്ക്ക് ചെമ്പഴന്തി എസ്. എൻ കോളേജ്, തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ്, കൊല്ലം ഫാത്തിമാ മാതാ കോളേജ് എന്നിവിടങ്ങളിൽ പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചവർ യഥാക്രമം തിരുവനന്തപുരം എം. ജി. കോളേജ്, ഗവ. ആർട്സ് കോളേജ്, കൊല്ലം ടി.കെ.എം ആർട്സ് ആന്റ് സയൻസ് കോളേജ് എന്നിവിടങ്ങളിൽ പരീക്ഷ എഴുതണം. കാസർഗോഡ്, കണ്ണൂർ, പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ ലേണർ സപ്പോർട്ട് സെന്ററുകളിലെ വിദ്യാർത്ഥികൾ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ പരീക്ഷ എഴുതണം.

2018 ആഗസ്റ്റിൽ നടന്ന നാലാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി (2008, 2013 സ്കീം) പരീക്ഷയുടെ ലാബ് പരീക്ഷകൾ നവംബർ 7 മുതൽ ആരംഭിക്കും. പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം ഉള്ളതിനാൽ വിദ്യാർത്ഥികൾ മുൻകൂട്ടി കോളേജുമായി ബന്ധപ്പെട്ട് പുതിയ കേന്ദ്രങ്ങൾ മനസ്സിലാക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ക്വിസ് മൽസരങ്ങൾ

ദേശീയ ലൈബ്രറി വാരാഘോഷത്തോടനുബന്ധിച്ച് സർവകലാശാലാ ലൈബ്രറിയിൽ നവംബർ 15 ന് രാവിലെ 11 മണിക്ക് ലൈബ്രറി അംഗങ്ങൾക്കായി വായന-സാഹിത്യം-സംസ്കാരം-ആനുകാലികം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി

ക്വിസ് മൽസരം നടത്തുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ രണ്ട് പേരുള്ള ടീമായി നവംബർ 14 ന് 1 മണിക്ക് മുൻപായി പേര് രജിസ്റ്റർ ചെയ്യണം.

അന്താരാഷ്ട്ര അറബിദിനത്തോടനുബന്ധിച്ച് അറബിക് വിഭാഗം ഡിസംബർ 20 ന് കാര്യവട്ടം ക്യാമ്പസിൽ ദേശീയതല ക്വിസ് മൽസരം നടത്തുന്നു. അറബി ഭാഷ, സാഹിത്യം, ഇന്ത്യയിലെ അറബിയുടെ വികാസം, ഇന്ത്യൻ ഭാഷകൾക്കും നാഗരികതയ്ക്കും സംസ്കാരത്തിനും വാണിജ്യത്തിനും അറബിയുടെ സംഭാവന, ഇൻഡോ- അറബ് ലിറ്ററേച്ചർ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ആണ് മൽസരം. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 9747318105 എന്ന നമ്പറിൽ ബന്ധപ്പെടുക.

തിരുവനന്തപുരം.
05.11.2018



പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**